ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:09.08.2024**

## പ്രധാനവാർത്തകൾ

1). **വയനാട് ഉരുൾപ്പൊട്ടൽ ബാധിത മേഖലകൾ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ സന്ദർശിക്കും. വയനാടിൻറെ പുനർനിർമാണത്തിന് പ്രത്യേക പാക്കേജ് കേന്ദ്രസംഘത്തോട് ആവശ്യപ്പെട്ട് സംസ്ഥാനം.**

2) **ദുരന്തബാധിതർക്ക് അടിയന്തര ധനസഹായം അനുവദിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കണ്ടെത്താനുള്ളവർക്കായി 11-ആം ദിനവും തിരച്ചിൽ നടന്നു.**

3) **വയനാടിൻറെ വിവിധ ഭാഗങ്ങളിൽ ഇന്ന് പ്രകമ്പനം അനുഭവപ്പെട്ടത് ഭൂമികുലുക്കമല്ലെന്നും, ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും ജില്ലാ കളക്ടർ.**

4) **ബജറ്റ് സമ്മേളനം പൂർത്തിയാക്കി പാർലമെൻറിൻറെ ഇരുസഭകളും അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.**

5) **നീറ്റ് പിജി പരീക്ഷ നീട്ടിവക്കണമെന്നാവശ്യപ്പെടുന്ന ഹർജികൾ സുപ്രീം കോടതി തള്ളി .**

6) **പാരീസ് ഒളിമ്പിക്സിൻറെ സമാപന പരിപാടികളിൽ പി ആർ ശ്രീജേഷും, മനു ഭാക്കറും ഇന്ത്യൻ പതാകയേന്തും.**

=========================================

RNU TVPM

## പ്രധാനമന്ത്രി - സന്ദർശനം

വയനാട് ഉരുൾപ്പൊട്ടൽ ബാധിത മേഖലകൾ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ സന്ദർശിക്കും. ഡൽഹിയിൽ നിന്ന് വിമാനമാർഗം കണ്ണൂർ വിമാനത്താവളത്തിൽ എത്തുന്ന അദ്ദേഹം ഹെലികോപ്ടറിൽ വയനാട്ടിലെത്തും. ഉരുൾപ്പൊട്ടൽ നാശം വിതച്ച പ്രദേശങ്ങളിൽ ഉച്ചയോടെ പ്രധാനമന്ത്രി വ്യോമനിരീക്ഷണം നടത്തും.

===========================================

## മുഹമ്മദ് റിയാസ്

ഉരുൾപ്പൊട്ടലിൽ തകർന്ന വയനാട് ജില്ലയിൽ ചൂരൽമല, മുണ്ടക്കൈ പ്രദേശങ്ങളുടെ പുനർനിർമാണത്തിന് പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് കേന്ദ്ര സംഘത്തോട് ആവശ്യപ്പെട്ടതായി മന്ത്രി പി എ മുഹമ്മദ് റിയാസ്. വയനാട്ടിൽ മന്ത്രിസഭാ ഉപസമിതിയുടെ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ദുരന്ത ബാധിതരുടെ വായ്പ തിരിച്ചടവ് സംബന്ധിച്ച വിഷയം കേന്ദ്ര സംഘത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ദുരന്തത്തിന്റെ വ്യാപ്തി സംഘം വിലയിരുത്തിയതായും ശ്രീ മുഹമ്മദ് റിയാസ് അറിയിച്ചു.

RIJU TVPM

===========================================

## മുഖ്യമന്ത്രി - അടിയന്തര സഹായം

വയനാട് ജില്ലയിലെ മുണ്ടക്കൈ, ചൂരൽമല ദുരന്തബാധിത മേഖലയിൽ ഉള്ളവർക്ക്, മറ്റൊരു വാസസ്ഥലത്തേക്ക് മാറുന്നതിന് സംസ്ഥാന സർക്കാർ അടിയന്തര സഹായം നൽകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ക്യാമ്പിൽ കഴിയുന്ന ഓരോ കുടുംബത്തിനും അടിയന്തര ധനസഹായമായി 10,000 രൂപ വീതം അനുവദിക്കും. ജീവനോപാധി നഷ്ടപ്പെട്ട കുടുംബത്തിലെ പ്രായപൂർത്തിയായ രണ്ട് വ്യക്തികൾക്ക് പ്രതിദിനം 300 രൂപ

വീതം നൽകും. കിടപ്പുരോഗികളോ, ദീർഘനാളായി ചികിത്സയിൽ കഴിയുന്ന രോഗികളോ ഉള്ള കുടുംബങ്ങളിലെ മൂന്ന് പേർക്കും ഈ ആനുകൂല്യം നൽകും.

30 ദിവസത്തേക്കാണ് ഈ തുക നൽകുക.

=========================================

__വയനാട് - (ഇൻട്രോ)__

വയനാട് ഉരുൾപൊട്ടൽ ബാധിത പ്രദേശങ്ങളിൽ 11-ആം ദിവസവും തിരച്ചിൽ നടന്നു. സൂചിപ്പാറ-കാന്തൻപാറ മേഖലയിൽ നിന്നും ഇന്ന് നാല് മൃതദേഹങ്ങൾ കൂടി കണ്ടെത്തി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട്**
**ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്.**
**(വോയിസ്............)**

=========================================

__ജില്ലാ കളക്ടർ - ഭൂചലനം__

വയനാട്ടിൽ ഭൂമികുലുക്കം ഉണ്ടായിട്ടില്ലെന്നും നിലവിൽ ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും ജില്ലാ കളക്ടർ ഡി.ആർ. മേഘശ്രീ . ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഭൂമിക്കടിയിൽ നിന്ന് പ്രകമ്പനത്തിൻറെ ശബ്ദം കേട്ടതായുള്ള റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിലാണ് വിശദീകരണം. ഭൂചലനമാപിനികളിലൊന്നും ഇത് രേഖപ്പെടുത്തിയിട്ടില്ലെന്നും കളക്ടർ വ്യക്തമാക്കി. ഉരുൾപൊട്ടലിന് ശേഷം ഭൂമിക്കടിയിലെ മൺപാളികൾ തമ്മിലുള്ള ഘർഷണം കൊണ്ടാകാം അനുഭവപ്പെട്ടതെന്നും ജില്ലാ കലക്ടർ അറിയിച്ചു. വയനാട്ടിൽ നിലവിൽ ഭൂമികുലുക്കത്തിൻറെ സൂചനയില്ലെന്നും വിശദമായി പരിശോധിച്ച് വരുകയാണെന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു

=========================================

RNU TVPM

**<u>കോഴിക്കോട്- ഭൂചലനം</u>**

കോഴിക്കോട്- കൂടരഞ്ഞി ഗ്രാമ പഞ്ചായത്തിൽ നിന്നും അസാധാരണ ശബ്ദം കേട്ടു എന്നും വീടിൻറെ ജനൽ ചില്ലുകൾ ഇളകിയതായും നാട്ടുകാർ അറിയിച്ച സ്ഥലങ്ങളിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സന്ദർശിച്ചു. ആശങ്കപ്പെടേണ്ട. സാഹചര്യവും നിലവിലില്ല എന്ന് ഗ്രാമപഞ്ചായത്ത് അധികൃതർ വ്യക്തമാക്കി.

==========================================

**<u>പാർലമെൻറ് പിരിഞ്ഞു</u>**

ബജറ്റ് സമ്മേളനം പൂർത്തിയാക്കി പാർലമെന്റിന്റെ ഇരുസഭകളും അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു. കഴിഞ്ഞ മാസം 22-ന് ആരംഭിച്ച സമ്മേളനത്തിൽ 15 ദിവസമാണ് സഭ ചേർന്നത്. ജൂലൈ 23-ന് ധനമന്ത്രി നിർമല സീതാരാമൻ അവതരിപ്പിച്ച ബജറ്റിൻ മേൽ ഇരു സഭകളിലുമായി 50 മണിക്കൂറോളം ചർച്ചകൾ നടന്നു.

RNU TVPM

==========================================

**<u>ജഗ്ദീപ് ധൻകർ</u>**

രാജ്യസഭയിൽ, സഭാധ്യക്ഷൻ ജഗ്ദീപ് ധൻകറിനോട് അധിക്ഷേപകരമായ പരാമർശങ്ങൾ നടത്തിയെന്നാരോപിച്ച് സമാജ് വാദി എംപി ജയാ ബച്ചനെതിരെ ഭരണപക്ഷ അംഗങ്ങൾ ഇന്ന് പ്രമേയം കൊണ്ടുവന്നു. ജയാ ബച്ചനെ താക്കീത് ചെയ്യണമെന്നാവശ്യപ്പെടുന്ന പ്രമേയം കേന്ദ്രമന്ത്രി ജെ.പി നഡ്ഡ സഭയിൽ അവതരിപ്പിച്ചു. സഭാധ്യക്ഷൻറെ സംസാരശൈലി യ്ക്കെതിരെ ജയാ ബച്ചനും ആരോപണം ഉയർത്തിയിരുന്നു. വിഷയത്തിൽ പ്രതിപക്ഷം സഭയിൽ നിന്നും വാക്ക്-ഔട്ട് ചെയ്തു.

==========================================

## ഹർ ഘർ തിരംഗ

ഒരാഴ്ച നീളുന്ന ഹർഘർ തിരംഗ പരിപാടിയ്ക്ക് രാജ്യത്ത് ഇന്ന് തുടക്കം. സ്വാതന്ത്ര്യദിനമായ ഓഗസ്റ്റ് 15 വരെ നീളുന്ന പരിപാടി പൗരന്മാരിൽ ദേശസ്നേഹം വളർത്തുന്നത് ലക്ഷ്യമിട്ടാണ് സംഘടിപ്പിക്കുന്നത്. ഹർ ഘർ തിരംഗ പരിപാടിയെ അവിസ്മരണീയമായ ബഹുജന പ്രസ്ഥാനമാക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളോട് അഭ്യർത്ഥിച്ചു.

==========================================

## നീറ്റ് - പിജി

മറ്റന്നാൾ നടക്കാനിരിക്കുന്ന, നീറ്റ് പിജി പരീക്ഷ നീട്ടിവയ്ക്കണമെന്നാവശ്യപ്പെടുന്ന ഹർജികൾ സുപ്രീം കോടതി തള്ളി. പരീക്ഷാ കേന്ദ്രങ്ങൾ, നിരവധിപ്പേർക്ക് അസൗകര്യമുണ്ടാക്കുന്നതായി പറഞ്ഞാണ് ഹർജികൾ സമർപ്പിക്കപ്പെട്ടത്. രണ്ട് ലക്ഷം വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കുന്ന വിഷയമാണെന്ന് ചൂണ്ടിക്കാട്ടിയാണ് ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബഞ്ച് ഹർജികൾ തള്ളിയത് .

RNU TVPM

==========================================

## പാരീസ് ഒളിമ്പിക്സ്

പാരീസ് ഒളിമ്പിക്സിൻറെ സമാപന പരിപാടികളിൽ കായിക താരങ്ങളായ പി ആർ ശ്രീജേഷും മനു ഭാക്കറും ഇന്ത്യൻ പതാകയേന്തും. ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനാണ് ഇക്കാര്യമറിയിച്ചത്. എന്നാൽ ഒളിമ്പിക്സ് 4x400 റിലേയിൽ ഇന്ത്യയ്ക്കിന്ന് നിരാശയുടെ ദിവസമായിരുന്നു. ഇന്ത്യൻ പുരുഷ ടീം മികച്ച പ്രകടനം കാഴ്ച വച്ചെങ്കിലും നാലാം സ്ഥാനത്തേ എത്താനായുള്ളു. മലയാളി താരങ്ങളായ മുഹമ്മദ് അജ്മൽ, മുഹമ്മദ് അനസ്, അമോജ് ജേക്കബ് എന്നിവരും രാജേഷ് രമേഷുമാണ് ടീമിൽ ഉണ്ടായിരുന്നത്. 4x400 വനിതാ റിലേയിൽ

ഇന്ത്യൻ ടീമിന് എട്ടാം സ്ഥാനത്താണ് ഫിനിഷ് ചെയ്യാനായത്. പുരുഷന്മാരുടെ 57 കിലോഗ്രാം ഫ്രീസ്റ്റൈൽ ഗുസ്തിയിൽ വെങ്കല മെഡലിനായി അമൻ സെഹ്റാവത്ത് ഇന്ന് രാത്രി മത്സരിക്കും.

അതേസമയം 50 കിലോഗ്രാം ഗുസ്തിയിൽ വെള്ളി മെഡൽ നൽകണമെന്നാവശ്യപ്പെട്ട് വിനേഷ് ഫോഗട്ട് നൽകിയ ഹർജിയിൽ, ഒളിമ്പിക്സ് പൂർത്തിയാകും മുൻപ് വിധി പറയുമെന്ന് കായിക പരാതികൾ കൈകാര്യം ചെയ്യുന്ന പ്രത്യേക കോടതി അറിയിച്ചു.

==========================================

**മഴ - സംസ്ഥാനം**

കേരളത്തിൽ മറ്റന്നാൾ മുതൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, മലപ്പുറം ജില്ലകളിൽ ഞായറാഴ്ച മഞ്ഞ ജാഗ്രത നൽകി. തെക്കൻ കേരള-ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ മുതൽ ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് നിരോധനമേർപ്പെടുത്തി.

RNU TVPM

==========================================

**വിലങ്ങാട് സന്ദർശനം-കോഴിക്കോട്**

കോഴിക്കോട് ജില്ലയിലെ ഉരുൾപൊട്ടൽ ബാധിത പ്രദേശമായ വിലങ്ങാട് മന്ത്രിമാരായ എ.കെ.ശശീന്ദ്രൻ, പി.പ്രസാദ്, പ്രതിപക്ഷനേതാവ് വി.ഡി സതീശൻ എന്നിവർ സന്ദർശിച്ചു. കൃഷി വകുപ് കണക്ക് പ്രകാരം162 ഹെക്ടർ ഭൂമിയിൽ 11.85 കോടി രൂപയുടെ വിള നാശം പ്രദേശത്ത് ഉണ്ടായിട്ടുണ്ട്. വിലങ്ങാട് ദുരന്തത്തിന്റെ വ്യാപ്തി മനസ്സിലാക്കി പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് ഷാഫി പറമ്പിൽ എം.പി ലോക്സഭയിൽ ആവശ്യമുയർത്തി.

==========================================

**<u>ഹൈക്കോടതി തള്ളി</u>**

വയനാടിൻറെ പേരിൽ വിവിധ സംഘടനകൾ പണപ്പിരിവ് നടത്തുന്നത് നിയന്ത്രിക്കണമെന്ന് ആവശ്യപ്പെട്ട് കാസർകോട്ടെ അഭിഭാഷകനും സിനിമാ നടനുമായ ഷുക്കൂർ സമർപ്പിച്ച പൊതു താൽപര്യ ഹർജി ഹൈക്കോടതി തള്ളി. ഫണ്ടു ശേഖരണം സർക്കാർ മേൽനോട്ടത്തിൽ വേണമെന്ന് ആവശ്യപ്പെട്ടാണ് ഹർജിക്കാരൻ കോടതിയെ സമീപിച്ചത്. ഇതിൽ പൊതു താൽപര്യം എന്താണെന്ന് വ്യക്തമാക്കാൻ കോടതി ഹർജിക്കാരനോട് നിർദ്ദേശിച്ചു. ഇരുപത്തയ്യായിരം രൂപ ഹർജിക്കാരനോട് പിഴയടയ്ക്കാനും, പിഴ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് നൽകാനും കോടതി ആവശ്യപ്പെട്ടു.

RIU TVPM

==========================================

**<u>മൻ കി ബാത്- പ്രശ്നോത്തരി</u>**

പ്രധാനമന്ത്രിയുടെ മൻ കി ബാത് പ്രഭാഷണ പരമ്പരയെ ആസ്പദമാക്കി നെഹ്റു യുവകേന്ദ്രയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പ്രശ്നോത്തരിയിലെ വിജയികൾ ന്യൂഡൽഹിയിൽ നടക്കുന്ന സ്വാതന്ത്ര്യദിന ദിനാഘോഷത്തിൽ പങ്കെടുക്കാൻ യാത്ര തിരിച്ചു. തിരുവനന്തപുരം ജില്ലയിലെ 23 വിദ്യാർത്ഥികളാണ് യാത്ര തിരിച്ചത്. സ്വാതന്ത്ര്യ ദിനാഘോഷത്തിൽ പങ്കെടുക്കുന്നതോടൊപ്പം അഞ്ച് ദിവസങ്ങളിലായി ദില്ലിയിലെ ചരിത്ര പ്രസിദ്ധമായ സ്ഥലങ്ങൾ സന്ദർശിക്കാനും കേന്ദ്ര മന്ത്രിമാരടക്കമുള്ള നേതാക്കളുമായി സംവദിക്കാനും വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കും.

==========================================

## തദ്ദേശീയ ജനത-അന്തർദേശീയ ദിനാഘോഷം

തദ്ദേശീയ ജനത അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ മറികടക്കുന്നതിനും, വികസനനേട്ടങ്ങൾ അവരിൽ എത്തിക്കുന്നതിനും സംസ്ഥാന സർക്കാർ ക്രിയാത്മകമായ ഇടപെടൽ നടത്തുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. തദ്ദേശീയ ജനതയുടെ അന്തർദേശീയ ദിനാഘോഷത്തിന്റെ ഭാഗമായി നൽകിയ സന്ദേശത്തിലാണ് മുഖ്യമന്ത്രി ഇക്കാര്യം പറഞ്ഞത്. ദിനാഘോഷത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ഒ.ആർ കേളു നിർവഹിച്ചു.

==========================================

==========================================

==========================================

RNUTVPM